**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5231** **04-07-2024 - ൽ മറുപടിയ്ക്ക്**

**അളവിൽ കവിഞ്ഞ ഭൂമിയുടെ റെഗുലറൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവേയുടെ ഭാഗമായി അളവിൽ കവിഞ്ഞ ഭൂമി കണ്ടെത്തിയാൽ അത് കൈവശം വച്ചിരിക്കുന്നവർക്ക് റഗുലറൈസ് ചെയ്ത് നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ സർക്കാർ ഭൂമികൾ മുഴുവനും ഭൂമിയിൽ റീഫിക്സ് ചെയ്ത് വിസ്തീർണ്ണം നിലനിറുത്തി വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് സ്വകാര്യ ഭൂമികളുടെ സർവെ നടത്തുന്നത്. സ്വകാര്യ ഭൂമിക്ക് സമീപമുള്ള സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിന് ശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തർക്കരഹിതവും വ്യക്തമായ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നു. അതിന് മുന്നോടിയായുള്ള കരട് ബിൽ സർക്കാർ പരിഗണനയിലുമാണ്. |
| (ബി) | ഇത്തരത്തിൽ റഗുലറൈസ് ചെയ്ത് നൽകുന്ന ഭൂമിയ്ക്ക് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ സർക്കാർ ഭൂമികൾ മുഴുവനും ഭൂമിയിൽ റീഫിക്സ് ചെയ്ത് വിസ്തീർണ്ണം നിലനിറുത്തി വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് സ്വകാര്യ ഭൂമികളുടെ സർവെ നടത്തുന്നത്. സ്വകാര്യ ഭൂമിക്ക് സമീപമുള്ള സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിന് ശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തർക്കരഹിതവും വ്യക്തമായ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നു. അതിന് മുന്നോടിയായുള്ള കരട് ബിൽ സർക്കാർ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ